**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4729** **11-08-2021 - ൽ മറുപടിയ്ക്ക്**

**അനിയന്ത്രിതമായ പെട്രോൾ, ഡീസൽ വില വർദ്ധന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | രാജ്യത്ത് പെട്രോൾ, ഡീസൽ വില അനുദിനം വർദ്ധിക്കുന്നതിനാൽ, ഉപഭോക്തൃ സംസ്ഥാനം എന്ന നിലയിൽ, ഇത് സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ഏതെല്ലാം തരത്തിൽ ദോഷകരമായി ബാധിക്കുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിക്കുന്നതിനും ആയത് ജനജീവിതത്തെ സാരമായി ബാധിക്കുന്നതിനും കാരണമാകുന്നുണ്ട്. |
| (ബി) | മുൻ സർക്കാർ, വിലക്കയറ്റം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പതിനാല് ഇനം അവശ്യസാധനങ്ങളുടെ വില ഉയരാതെ നിലനിർത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടതെന്ന് വിശദമാക്കാമോ; | (ബി) | പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വില വർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങളാണ് വില്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നത്. ഏപ്രിൽ 2016 ന് ശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ പൊതുവിപണിയിലെ വിലയുടെ അടിസ്ഥാനത്തിൽ സപ്ലൈകോ വാങ്ങൽ വിലയിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത് സബ്സിഡി വില്പന വിലയിൽ ഇളവ് നല്കിയിട്ടുണ്ട്. ഇക്കാരണത്താൽ അവശ്യ നിത്യോപയോഗ വസ്തുക്കളുടെ വില പൊതുവിപണിയിൽ ഉയരുന്ന സാഹചര്യത്തിലും സപ്ലൈകോ വില്പനശാലകളിലൂടെ കുറഞ്ഞ വിലയിൽ സാധനങ്ങൾ വാങ്ങാവുന്ന സാഹചര്യം നിലവിലും ഉപഭോക്താവിന് ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് കാര്യക്ഷമമായ പൊതുവിതരണ സംവിധാനവും നിലവിലുണ്ട്. |
| (സി) | ജനങ്ങൾക്ക് ഏറെ ആശ്വാസകരമായിരുന്ന പ്രസ്തുത തീരുമാനം തുടരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; | (സി) | പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വില വർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങളാണ് വില്പനശാലകൾ വഴി വിതരണം ചെയ്തു വരുന്നത്. ഏപ്രിൽ 2016 ന് ശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന നിത്യോപയോഗ |

| | | | |
|---|---|---|---|
| | | | സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ പൊതുവിപണിയിലെ വിലയുടെ അടിസ്ഥാനത്തിൽ സപ്ലൈകോ വാങ്ങൽ വിലയിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത് സബ്സിഡി വില്പന വിലയിൽ ഇളവ് നല്കിയിട്ടുണ്ട്. ഇക്കാരണത്താൽ അവശ്യ നിത്യോപയോഗ വസ്തുക്കളുടെ വില പൊതുവിപണിയിൽ ഉയരുന്ന സാഹചര്യത്തിലും സപ്ലൈകോ വില്പനശാലകളിലൂടെ കുറഞ്ഞ വിലയിൽ സാധനങ്ങൾ വാങ്ങാവുന്ന സാഹചര്യം നിലവിലും ഉപഭോക്താവിന് ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് കാര്യക്ഷമമായ പൊതുവിതരണ സംവിധാനവും നിലവിലുണ്ട്. |
| (ഡി) | ഇന്ധന വില വർദ്ധനവുമൂലം കമ്പോളത്തിലെ അവശ്യവസ്തുക്കളുടെയും അസംസ്കൃത വസ്തുക്കളുടെയും വില ഉയരാതിരിക്കുന്നതിന് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ? | (ഡി) | പൊതു വിപണിയിൽ വില വർദ്ധനയും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലകളിൽ പൊതു വിതരണ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവർ ഉൾപ്പെട്ട സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തി ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അവശ്യ സാധനങ്ങളുടെ വില വിവരം ലഭ്യമാക്കി അവലോകനം നടത്തി വരുന്നതിലൂടെ പൊതു വിപണിയിൽ ആയതിന്റെ സ്റ്റോക്കിന്റെ ലഭ്യത ഉറപ്പാക്കുവാനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുവാനും കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺമാർക്കറ്റ്, മൊത്ത വ്യാപാരികളുടെയും, വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ/ വകുപ്പ് തലത്തിൽ വിളിച്ച് ചേർത്തിട്ടുണ്ട്. ഇതിന് പുറമെ വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പഠനവിധേയമാക്കുന്നതിന് വിവിധ വകുപ്പുകളിലെയും സർക്കാർ ഏജൻസികളുടേയും ടെക്നിക്കൽ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ (15.05.2017-ലെ സർക്കാർ ഉത്തരവ് പ്രകാരം) രൂപീകരിക്കുകയും, കൃത്യമായ കാലയളവിൽ യോഗം ചേരുകയും ചെയ്തു വരുന്നുണ്ട്. കൂടാതെ സപ്ലൈകോ അവരുടെ വിൽപ്പന ശാലകളിലൂടെ വിപണി ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി 13 ഇനം സാധനങ്ങൾ സബ്സിഡി വിലയിൽ നൽകി വരുന്നുണ്ട്. ഉത്സവ കാലങ്ങളിൽ പ്രത്യേക വിപണി ഇടപെടലുകൾ നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ